(1)	(2)	(3)
എറണാകുളം	1,13,000	1,05,891
ഇടുക്കി	3,10,265	3,65,000
തൃശ്ശൂർ	91,000	1,40,000
പാലക്കാട്	10,50,000	8,39,000
മലപ്പുറം	8,18,985	5,00,000
കോഴിക്കോട്	2,52,750	1,70,000
വയനാട്	10,48,000	44,44,974
കണ്ണൂർ	1,56,000	1,75,000
കാസർഗോഡ്	14,25,000	7,00,000
ആകെ	60,00,000	79,99,772

(സി) 25,000 രൂപ.

(ഡി) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വിവരം ശേഖരിച്ചുവരുന്നു. സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി നിലവിലുള്ളതിനാൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആർക്കും പദ്ധതിയിൽ തുക വകുപ്പുമന്ത്രിയുടെ സഹായനിധിയിൽ നിന്ന് അനുവദിച്ച് നൽകിയിട്ടില്ല.

(ഇ)

ക്രമനമ്പർ	താലൂക്ക്	അനുവദിച്ച തുക
1.	ബത്തേരി താലൂക്ക്	14,04,000
2.	മാനന്തവാടി താലൂക്ക്	9,08,000
3.	വൈത്തിരി താലൂക്ക്	7,70,231

കൽപ്പറ്റ മണ്ഡലത്തിലെ പട്ടികസമുദായ വിഭാഗങ്ങൾക്കുള്ള ചികിൽസാ ധനസഹായം

133 (1096) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വകുപ്പുമന്ത്രിയുടെ ചികിത്സാ ധനസഹായത്തിനായി കൽപ്പറ്റ നിയോജക മണ്ഡലത്തിൽ നിന്നും, ജനപ്രതിനിധി വഴി, 2010 ഏപ്രിൽ മാസത്തിനുശേഷം പട്ടികവിഭാഗങ്ങളിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് അറിയിക്കുമോ :

LIBRARY ARCHIVES Kerala Legislative Assembly

(ബി) ലഭിച്ച അപേക്ഷകളിൽ എത്രയെണ്ണത്തിന് വകുപ്പുമന്ത്രിയുടെ ആഫീസിൽ നിന്നും മറുപടി നൽകിയെന്ന് വെളിപ്പെടുത്തുമോ ;

(സി) മറുപടി നൽകിയിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഡി) സമർപ്പിക്കപ്പെട്ട അപേക്ഷകളിൽ എത്രയെണ്ണത്തിന്മേലാണ് ധനസഹായം അനുവദിച്ചതെന്ന് അറിയിക്കുമോ ;

(ഇ) കൽപ്പറ്റ മണ്ഡലത്തിലെ ജനപ്രതിനിധി വഴി ലഭിച്ച ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷകളിൽ തുക അനുവദിക്കുകയും ആ വിവരം ജനപ്രതിനിധിയെ അറിയിക്കാതിരിക്കുകയും ചെയ്തിട്ടുണ്ടോ ;

(എഫ്) എങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ-എഫ്) വിവരം ശേഖരിച്ചുവരുന്നു.

മാള മണ്ഡലത്തിലെ എസ്സി./എസ്റ്റി. വിഭാഗകാർക്കുള്ള ചികിത്സാ സഹായം

134 (1097) ശ്രീ. എ. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാള മണ്ഡലത്തിൽ നിന്ന് ചികിത്സാ സഹായത്തിന് പട്ടികജാതി, പട്ടികവർഗ്ഗ വകുപ്പിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ;

(ബി) ഇതിൽ എത്ര അപേക്ഷകർക്ക് ചികിത്സാ സഹായം അനുവദിച്ചുവെന്നും മൊത്തം എത്ര സംഖ്യയാണ് അനുവദിച്ചതെന്നും വ്യക്തമാക്കുമോ ;

(സി) ഇതിനകം മാള മണ്ഡലത്തിലെ അപേക്ഷകർക്ക് എത്ര സംഖ്യ വിതരണം ചെയ്തുവെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ ഇനത്തിൽ കുടിശ്ശികയുണ്ടെങ്കിൽ അത് എന്നത്തേക്ക് കൊടുത്തു തീർക്കുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മാള മണ്ഡലത്തിൽ നിന്ന് ചികിത്സാ സഹായത്തിനായി പട്ടികജാതി വികസന വകുപ്പിൽ ലഭിച്ച അപേക്ഷകളുടെ വിവരം ശേഖരിച്ചുവരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിൽ 5 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വിവരം ശേഖരിച്ചുവരുന്നു. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 5 പേർക്ക് ചികിത്സാ ധനസഹായമായി 1550 രൂപ അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly